ഓരോ വിശ്വാസികളും ദിനേന നിർബ്ബന്ധമായി അഞ്ച് പ്രാവശ്യം പതിനേഴ് തവണകളിലായി (إياك نعبد وإياك نستعين) “നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു, നിന്നോട് മാത്രം ഞങ്ങൾ സഹായം ചോദിക്കുന്നു” എന്ന ഫാതിഹഃ സൂറത്തിലെ ആയത്ത് ചൊല്ലാറുണ്ട്. ഇതിൻെറ ആശയം അല്ലാഹുവിന്ന് മാത്രമേ നമ്മുടെ ആവശ്യങ്ങൾ പൂർത്തീകരിച്ച് തരുവാൻ സാധിക്കുകയൊള്ളുവെന്നും, അവൻ മാത്രമാണ് പ്രാർത്ഥിക്കപ്പെടുവാൻ അർഹനെന്നുമാണ്. പ്രവാചക തിരുമേനി(ﷺ)പറയുകയുണ്ടായി:

قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّم (إِنَّ الدُّعَاءَ هُوَ الْعِبَادَةُ) ثُمَّ قَرَأَ (وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ إِنَّ الَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِي سَيَدْخُلُونَ جَهَنَّمَ دَاخِرِينَ

“പ്രാർത്ഥന അത് തന്നെയാണ് ആരാധന” ഹദീസ്. എന്നിട്ട് പ്രവാചക തിരുമേനി(ﷺ) ഈ ആയത്ത് ഓതുകയുണ്ടായി:(നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം, എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായി കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്”.(തിർമിദി,അബൂദാവൂദ്,അഹ്മദ്). ഇവിടെ അല്ലാഹു പറയുന്നത് നിങ്ങൾ എന്നോട് പ്രാർത്ഥിക്കുക ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം എന്നാണ്. ആയതിനാൽ നാം അല്ലാഹുവിനോട് പ്രാർത്ഥിക്കുക. സൂറത്ത് ജിന്നിൽ അല്ലാഹു പറയുന്നു: (وَأَنَّ الْمَسَاجِدَ لِلَّهِ فَلَا تَدْعُوا مَعَ اللَّهِ أَحَدًا) “പള്ളികൾ അല്ലാഹുവിന്നുള്ളതാകുന്നു. ആയതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ച് പ്രാർത്ഥിക്കരുത്” ഇവിടെ അല്ലാഹുവിനോടൊപ്പം നിങ്ങൾ ആരെയും വിളിച്ച് പ്രാർത്ഥിക്കരുതെന്നാണ്. കാരണം പ്രാർത്ഥിക്കേണ്ടത് അല്ലാഹുവിനോട് മാത്രമാണ്. അല്ലാഹുവല്ലാത്തവരോട് പ്രാർത്ഥിക്കുന്നത് അല്ലാഹു ഒരിക്കലും പൊറുത്ത് തരാത്ത പാപമാകുന്നു, ശിർക്കാകുന്നു. അത് അല്ലാഹുവിൻെറ പ്രവാചകനാവട്ടെ, വലിയ്യാവട്ടെ, ഖബറിൽ കിടക്കുന്ന മഹാത്മാക്കളാവട്ടെ, ജാറത്തിൽ കിടക്കുന്ന ഔലിയാക്കളോ, ബീവിമാരോ ആരുമാവട്ടെ അവരോട് നമുക്ക് പ്രാർത്ഥിക്കുവാൻ പാടില്ല. അങ്ങിനെ വിളിച്ച് പ്രാർത്ഥിക്കുന്നവന്ന് ഇസ്ലാമിൽ സ്ഥാനമില്ല. അല്ലാഹു പറയുന്നു:

(إِنَّ اللَّهَ لَا يَغْفِرُ أَنْ يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَنْ يَشَاءُ وَمَنْ يُشْرِكْ بِاللَّهِ فَقَدْ ضَلَّ ضَلَالًا بَعِيدًا) (النساء: 116)

“തന്നോട് പങ്ക് ചേർക്കപ്പെടുക എന്നത് അല്ലാഹു പൊറുക്കുകയില്ല; തീർച്ച. അതൊഴിച്ചുള്ളത് അവനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്ത് കൊടുക്കുന്നതാണ്, ആർ അല്ലാഹുവിൽ പങ്ക് ചേർക്കുന്നുവോ, അവൻ ബഹുദൂരം പിഴച്ച് പോയിരിക്കുന്നു”.ഇവിടെ അല്ലാഹുവിൽ പങ്ക് ചേർക്കുന്നത് അവനൊരിക്കലും പൊറുത്ത് തരികയില്ല. അതൊഴിച്ചുള്ള പാപം അവൻ പൊറുത്ത് തന്നേക്കാം. അല്ലാഹു പറയുന്നു:

(وَلَقَدْ أُوحِيَ إِلَيْكَ وَإِلَى الَّذِينَ مِنْ قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ الْخَاسِرِينَ)

“തീർച്ചയായും നിനക്കും, നിൻെറ മുമ്പുള്ളവർക്കും സന്ദേശം നൽകപെട്ടിട്ടുള്ളത് ഇതത്രെ, (അല്ലാഹുവിന്ന്) നീ പങ്കാളിയേ ചേർക്കുന്ന പക്ഷം തീർച്ചയായും നിൻെറ കർമ്മം നിഷ്ഫലമായി പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും.” അപ്പോൾ ശിർക്ക് ചെയ്താൽ പ്രവാചകന്മാർക്ക് പോലും രക്ഷയില്ല. അങ്ങിനെയെങ്കിൽ നമ്മുടെ കാര്യം പറയേണ്ടതുണ്ടോ?

## മരിച്ചവർ കേൾക്കുമോ?

ആരാധനകൾ മുഴുവനും അല്ലാഹുവിന്ന് മാത്രമെ പാടുള്ളൂവെന്നും, ആരാധനകളിൽ ഏറ്റവും പ്രാധാനപ്പെട്ടത് പ്രാർത്ഥനയുമാണെന്ന് നാം മനസ്സിലാക്കി. ഇനി നാം മനസ്സിലാക്കേണ്ടത് മരിച്ച് പോയവർ കേൾക്കുമോ എന്നാണ്? ആദ്യം നാം ഖുർആനിൽ നിന്ന് മനസ്സിലാക്കണം. അല്ലാഹു പറയുന്നു:



( إِنْ تَدْعُوهُمْ لَا يَسْمَعُوا دُعَاءَكُمْ وَلَوْ سَمِعُوا مَا اسْتَجَابُوا لَكُمْ وَيَوْمَ الْقِيَامَةِ يَكْفُرُونَ بِشِرْكِكُمْ وَلَا يُنَبِّئُكَ مِثْلُ خَبِيرٍ)(الفاطر 14)

“നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുകയില്ല. ഉയർത്തെഴുന്നേൽപിൻെറ നാളിലാവട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവിനെ) പോലെ നിനക്ക് വിവരം തരുവാൻ ആരുമില്ല.” ഇവിടെ അല്ലാഹു പറയുന്നത് മരിച്ച് മൺമറഞ്ഞ് പോയവർ കേൾക്കുകയില്ലെന്നാണ്. ഇനി വാദത്തിന് മരിച്ച് പോയവർ കേൾക്കുമെന്ന് സമ്മതിച്ചാൽ തന്നെയും നിങ്ങളുടെ പ്രാർത്ഥനക്ക് ഉത്തരം നൽകുകയില്ലെന്നും ഖുർആൻ പറയുന്നു.പിന്നെ എന്തിന് നാം ഈ പാഴ്വേല ചെയ്യണം? അല്ലാഹു ഉത്തരം തരാം എന്ന് പറയുന്നു നമുക്ക് അല്ലാഹുവിനോട് പ്രാർത്ഥിച്ചാൽ പോരെ.

പ്രവാചകന്ന്(ﷺ) ഒരുപാട് പ്രയാസങ്ങളുണ്ടായിട്ടുണ്ട്,ഒരിക്കൽ പോലും പ്രവാചക തിരുമേനി(ﷺ) മുൻകഴിഞ്ഞ പ്രവാചകന്മാരെ വിളിച്ച് കൊണ്ടോ, ഔലിയാക്കളെ വിളിച്ച് കൊണ്ടോ, കെട്ടി ഉയർത്തിയ ഖബറിന്നരികിൽ പോയിട്ടോ, ജാറത്തിൽ പോയിട്ടോ പ്രാർത്ഥിച്ചതായി കാണുന്നില്ല.മുഹമ്മദ് നബി(ﷺ) മാത്രമല്ല മുൻകഴിഞ്ഞ പ്രവാചകന്മാരാരും അങ്ങിനെ ചെയ്തിട്ടില്ല. വിശുദ്ധഖുർആനിൽ ഒരുപാട് പ്രവാചകന്മാരുടെ പ്രാർത്ഥനകൾ നമുക്ക് കാണാനാവും,ഇതിൽ ഒന്നും തന്നെ അല്ലാഹു അല്ലാത്തവരോടുള്ള പ്രാർത്ഥനയില്ല, മാത്രമല്ല നമ്മുടെ നാട്ടിലുള്ള പള്ളിദർസുകളിലും, മദ്രസകളിലും പഠിപ്പിക്കുന്ന പാഠപുസ്തകങ്ങളിൽ പോലും അല്ലാഹുവല്ലാത്തവരോടുള്ള പ്രാർത്ഥന നമുക്ക് കാണാൻ സാധിക്കുകയില്ല. പിന്നെ എങ്ങിനെ നാം അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കും?

പ്രവാചക(ﷺ)ന്ന് ശേഷം സ്വഹാബികളുടെ ഇടയിൽ ഒരുപാട് പ്രശ്നങ്ങളുണ്ടായി, പ്രവാചകനെ എവിടെ മറമാടണം? ആരാണ് ഖലീഫയാകേണ്ടത്? അത് പോലെ സിഫഫീൻ, ജമൽ പോലെയുള്ള യുദ്ധങ്ങൾ, ഒരുപാട് പ്രശ്നങ്ങൾ ഉണ്ടായിട്ടും ഒരൊറ്റ സ്വഹാബി പോലും ലോകം കണ്ട ഏറ്റവും വലിയ വലിയ്യായ പ്രവാചക(ﷺ)ൻെറ ഖബറിൽ പോയി സഹായം തേടുകയോ, പ്രാർത്ഥിക്കുകയോ ചെയ്തതായി നമുക്ക് കാണാൻ സാധ്യമല്ല. ഒരിക്കൽ ഖലീഫയായ ഉമർ(رضي الله عنه)ൻെറ കാലത്ത് വരൾച്ചയുണ്ടായി, ഉമർ(رضي الله عنه) പ്രവാചകൻെറ ഖബറിൽ പോയി സഹായം തേടുകയല്ല ചെയ്തത്,മറിച്ച് അല്ലാഹുവിലേക്ക് ഇ രുകരങ്ങളും നീട്ടി മഴക്ക് വേണ്ടിയുള്ള നമസ്കാരം നിർവ്വഹിക്കുക യാണ് ചെയ്തത്. അത് ഹദീസുകളിൽ ഇപ്രകാരം കാണാനാവും: ഉ മർ(رضي الله عنه)ൻെറ കാലത്ത് അവർക്ക് ക്ഷാമം ഉണ്ടായപ്പോൾ (മഴ ഇല്ലാതി രുന്നപ്പോൾ) അവർ ഉമർ(رضي الله عنه)ൻെറയടുത്ത് പോയി പറഞ്ഞു: ഉമർ(رضي الله عنه) അവരെയും കൂട്ടി പുറപ്പെട്ട് മഴക്ക് വേണ്ടിയുള്ള നമസ്കാരം നിർവ്വഹിക്കുകയായിരുന്നു ചെയ്തത്. തൻെറ രണ്ട് കൈകളും മേൽപോട്ടുയർത്തി കൊണ്ട് പ്രാർത്ഥിച്ചു “ഞങ്ങളുടെ രക്ഷിതാവേ, പ്രവാചക(ﷺ)ൻെറ കാലത്ത് ഞങ്ങൾക്ക് ക്ഷാമം പിടിപെട്ടാൽ ഞങ്ങൾ നബി(ﷺ) യോട് പ്രാർത്ഥിക്കുവാൻ പറയുകയും, അദ്ദേഹം പ്രാർത്ഥിക്കുകയും മഴ ലഭിക്കുകയും ചെയ്തിരുന്നു, എന്നാൽ പ്രവാചകൻ(ﷺ) ഇന്ന് ജീവിച്ചിരിപ്പില്ലല്ലോ, ആയതിനാൽ ഞങ്ങളിതാ പ്രവാചകൻെറ എളാപ്പയായ അബ്ബാസ്(رضي الله عنه)നോട് മഴക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുന്നു, എന്നിട്ട് പറഞ്ഞു: അല്ലയോ അബ്ബാസ് എഴുന്നേൽക്കുക, മഴക്ക് വേണ്ടി പ്രാർത്ഥിക്കുക, അങ്ങിനെ അബ്ബാസ്(رضي الله عنه) എഴുന്നേറ്റ് അല്ലാഹുവിനോട് പ്രാർത്ഥിച്ചു, ജനങ്ങളെല്ലാം തന്നെ ആമീൻ പറയുകയും ചെയ്തു. അവർ കരയുകയും, കണ്ണീർ പൊഴിക്കുകയും ചെയ്തു.



അവരുടെ മുകളിൽ കാർമേഘം ഉരുണ്ട് കൂടുകയും, മഴ വർഷിക്കുകയും ചെയ്യുന്നത് വരെ അവർ പ്രാർത്ഥിച്ചു.

ഒന്നുകൂടി നാം സ്വഹാബികളിലേക്ക് നോക്കുക,അവരാണ് നമ്മേക്കാൾ മതത്തിൽ കൂടുതൽ അവഗാഹം നേടിയവർ, നബി(ﷺ)യെ നമ്മേക്കാൾ കൂടുതൽ സേനഹിച്ചവർ അവരാണ്, എന്നാൽ അവർക്ക് ആവശ്യങ്ങൾ നേരിട്ടപ്പോഴും, പ്രയാസങ്ങൾ ഉണ്ടായപ്പോഴും, അവരാരും പ്രവാചകൻെറ ഖബറിന്നരികിൽ പോയി, അല്ലയോ പ്രവാചകരെ, എന്ന് പറഞ്ഞ് പ്രാർത്ഥിച്ചിട്ടില്ല, കാരണം അവർക്കറിയാമായിരുന്നു മരിച്ചവരോടുള്ള പ്രാർത്ഥന അനുവദനീയമല്ലായെന്ന്,അത് പ്രവാചകനാകട്ടെ, ഔലിയാക്കളാകട്ടെ, ആരുമാകട്ടെ.

## നബി(ﷺ)യുടെ ഖബർ കെട്ടിഉയർത്തി ജാറമാക്കിയില്ലേ?

ഇതിൻെറ സത്യാവസ്ഥ എന്താണെന്ന് ഓരോ മുസ്ലിമും അറിഞ്ഞിരിക്കേണ്ടതാണ്. “നബി(ﷺ) മരിച്ച സ്ഥലത്ത് തന്നെയാണ് മറമാടപ്പെട്ടതും. ഹദീസിൽ വന്നത്പ്രകാരം പ്രവാചകന്മാർ മരണപ്പെടുന്ന സ്ഥലത്ത്തന്നെ അവരെ മറമാടപ്പെടണം. ഖബറിനെ പള്ളിയാക്കാതിരിക്കുവാൻ വേണ്ടി ആഇശ(رضي الله عنها)ൻെറ റൂമിലായിരുന്നു നബി(ﷺ)യെ മറമാടപ്പെട്ടത്, ഇതാണ് യഥാർത്ഥ്യം. ആഇശാ(رضي الله عنها)ൻെറ ഹദീസിൽ നമുക്ക് കാണാം. “നബി(ﷺ) മരിക്കുന്നതിൻെറ തൊട്ട് മുമ്പ് ബാധിച്ച രോഗശയ്യയിൽ കിടന്ന് പറയുകയുണ്ടായി: “ജൂതക്രൈസ്തവരെ അല്ലാഹു ശപിച്ചിരിക്കുന്നു, അവർ അവരുടെ പ്രവാചകന്മാരുടെ ഖബറുകളെ പള്ളികളാക്കിയിരിക്കുന്നു, ആഇശാ(رضي الله عنها) പറയുന്നു: ഇത് ഭയപ്പെട്ടിട്ടില്ലായിരുന്നെങ്കിൽ നബി(ﷺ)യുടെ ഖബറിനെ മറക്കാതെ തുറന്നിടുമായിരുന്നു,”(ബുഖാരി, മുസ്ലിം.) അതെ, നബി(ﷺ)യെ മറമാടിയത് ആഇശാ(رضي الله عنها)യുടെ വീട്ടിലാണ്. ആവീട് കിഴക്ക് ഭാഗത്ത് പള്ളിയോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്, കാലം കടന്ന് പോയി,ജനങ്ങൾ വർദ്ധിച്ച് കൊണ്ടേയിരുന്നു, സ്വഹാബികൾ പള്ളി പല ഭാഗങ്ങളിലേക്കും വികസിപ്പിച്ചു. ഖബറുള്ള ഭാഗം മാത്രം വികസിപ്പിച്ചില്ല, പടിഞ്ഞാറും, തെക്കും, വടക്കും പള്ളി വികസിപ്പിച്ചു, കിഴക്ക് മാത്രം വികസിപ്പിച്ചില്ല കാരണം ഖബർ അവർക്കതിന് തടസ്സമായിരുന്നു. ഹിജ്റ 88-ൽ (നബി(ﷺ)മരിച്ച് 77 വർഷത്തിന് ശേഷം) മദീനയിലുണ്ടായിരുന്ന അധിക സ്വഹാബികളും മരിച്ച് കഴിഞ്ഞതിന് ശേഷം, ഖലീഫ “വലീദ്ബ്നുഅബ്ദുൽ മലിക്” പള്ളിയുടെ വികസനത്തിന് വേണ്ടി പള്ളി പൊളിക്കുവാനും, എല്ലാ ഭാഗത്തും പള്ളി വികസിപ്പിക്കുവാനും കൽപിക്കുകയും, നബി(ﷺ)യുടെ ഭാര്യമാരുടെ വീടുകളും പള്ളിയിലേക്ക് കൂട്ടിചേർക്കുവാനും കൽപിച്ചു. കിഴക്ക് ഭാഗത്ത് വികസിപ്പിച്ചപ്പോൾ ആഇശാ(رضي الله عنها)യുടെ റൂമായിരുന്ന, നബി(ﷺ)യുടെ ഖബറുണ്ടായിരുന്ന സ്ഥലവും പള്ളിക്കുള്ളിൽ വന്നു. (അർറദ്ദ് അൽഅഖ്നാഇ- പേജ്: 184, മജ്മൂഹ് അൽഫതാവ- വാള്യം 27, പേജ്: 323, താരീഖ് ഇബ്നുകഥീർ വാള്യം: 9 പേജ്: 74)

“ഇതാണ് പള്ളിയുടെയും, ഖബറിൻെറയും അവസ്ഥയും, യാഥാർത്ഥ്യവും.” സ്വഹാബികൾക്ക് ശേഷം സംഭവിച്ച ഒരു കാര്യം ചൂണ്ടികാണിച്ച് കൊണ്ട് തെളിവ് പിടിക്കുവാൻ ആർക്കും തന്നെ ഇസ്ലാമിൽ അധികാരമില്ല. കാരണം ഖബർ പള്ളിയിൽ കുട്ടി ചേർത്തത് ശരിയായ ഹദീസിനും സലഫുസ്വാലിഹീങ്ങളുടെ ചര്യക്കെതിരുമാണ്. ‘വലിദ്ബ്നു അബ്ദുൽ മലികി’ന് തെറ്റ് സംഭവിച്ചു (അല്ലാഹു അദ്ദേഹത്തിനത് പൊറുത്ത് കൊടുക്കുമാറാവട്ടെ) കാരണം നബി(ﷺ) അത് വിലക്കിയിട്ടുണ്ട്, യഥാർത്ഥത്തിൽ സഹാബികൾ ചെയ്തത് പോലെ ഖബറില്ലാത്ത ഭാഗം മാത്രമേ വികസിപ്പിക്കുവാൻ പാടുണ്ടായിരുന്നുള്ളൂ. ഖബറിന് മുകളിലുള്ള ഖുബ്ബയുടെ അവസ്ഥയും ഇങ്ങിനെ തന്നെയാണ്.അത് നിർമ്മിച്ചത് നബി(ﷺ)യോ, സ്വഹാബികളോ, താബിഉകളോ, താബിഉത്താബിഉകളോ, പ്രവാചകൻെറ സമുദായത്തിൽ പെട്ട പണ്ഡിത

ന്മാരോ ആയിരുന്നില്ല,ഹിജ്റ 678–ൽ തുർക്കീ രാജാക്കന്മാരിൽ പെട്ട മൻസൂർ രാജാവെന്ന പേരിൽ പ്രസിദ്ധിയാർജിച്ച “ഖാലവൂൻ സ്വലിഹി” ആണ് ഖുബ്ബ ഉണ്ടാക്കിയത്. (തഹ്ദീറുസ്സാജിദ്- അൽബാനി, പേജ്: 93, സ്വറാഉൽ ബൈനൽ ഹഖഖ് വൽ ബാത്വിൽ- സഅ്ദ് സ്വാദിഖ്, പേജ്: 106, തത്വ്ഹീറുൽ ഇഹ്തിഖാദ്- പേജ്: 43) ഇനി നാം പ്രത്യേകം മനസ്സിലാക്കുക: നമ്മുടെ നാട്ടിൽ അറിയപ്പെട്ട പണ്ഡിതനായ സൈനുദ്ധീൻ മഖ്ദും എഴുതിയ ഫത്ഹുൽ മുഈനിൽ നമുക്ക് കാണാൻ കഴിയുന്നത് ഖബർ ഒരു ചാണിലധികം കെട്ടിപൊന്തിക്കുവാൻ പാടില്ലെന്നാണ്. എന്തേ ഈ ഫത്ഹുൽ മുഈനു പോലും നാം അംഗീകരിക്കാത്തത്. കാരണമുണ്ട് ചില കൂട്ടർക്ക് ഖബർ ഒരു ബിസ്നസാണ്. അത്കൊണ്ട് ഒരുപാടാളുകൾ ജീവിക്കുന്നു, ഇതൊക്കെ സ്വീകരിച്ച് നടന്നാൽ അവരുടെ വയറും പോക്കറ്റും കാലിയാവും എന്നത് കൊണ്ട് ഇതൊക്കെ തള്ളികളയുന്നു.നാം അല്ലാഹുവിൽ അഭയം പ്രാപിക്കുക. “സ്വഹീഹ് മുസ്ലിം” വിശദീകരിക്കുമ്പോൾ ഇമാം നവവി പറയുന്നത് കൂടി നാം കൂട്ടി വായിക്കുക: (ഖബർ കുമ്മായമിടുവാനോ, അവിടെ വിളക്ക് കത്തിക്കുവാനോ പാടില്ലായെന്നാണ്”ശറഹ് മുസ്ലിം.

## ഖബറുകൾ കെട്ടി ഉയർത്തിയവരെ;

ഖബറുമായി ബന്ധപ്പെടുന്നവരോട് പറയട്ടെ: സമൂഹമേ, അല്ലാഹുവിൻെറ വിളിക്ക് നിങ്ങൾ ഉത്തരം നൽകുക, അവനിൽ പൂർണമായി വിശ്വസിക്കുക. അല്ലാഹു തന്നെയാണ് സത്യം: നിങ്ങൾക്കറിയുമൊ സലഫു സ്വലിഹീങ്ങൾ ആരെങ്കിലുമോ, നാല് ഇമാമുകളിൽ പെട്ട (ശാഫി ഇമാമോ) ആരെങ്കിലും ഖബറിനെ കുമ്മായം പൂശിയതായിട്ട്? അല്ലാഹുവിൻെറ സൃഷ്ടികളിൽ തൻെറ പ്രതീക്ഷകൾ അർപ്പിച്ചതായിട്ട്, മഖാം മുഖേനയോ, ശവകുടീരങ്ങൾ മുഖേനയോ ശുപാർശ നടത്തിയതായിട്ട്, ഉന്നതനായിട്ടുള്ള രക്ഷിതാവിനെ തൊട്ട് അവർ അജ്ഞരായിരുന്നോ?

സലഫുസ്വലിഹീങ്ങൾ പ്രവാചക(ﷺ)ൻെറയോ, അഹ്ല്ബൈതിൻെറയോ (തങ്ങന്മാരുടെയോ) സ്വഹാബിമാരുടെയോ, അതല്ലെങ്കിൽ ഏതെങ്കിലും ഖബറിന്നരികിൽ പോയി തങ്ങളുടെ പ്രയാസങ്ങൾ നീക്കുവാനും, ആവശ്യങ്ങൾ നിറവേറ്റാനും വേണ്ടി ആവശ്യപ്പെട്ടതായി നിങ്ങൾക്ക് അറിയാമോ? അതല്ല, പ്രവാചകന്മാരെക്കാളും, സ്വഹാബികളേക്കാളും, താബിഉകളെക്കാളും അല്ലാഹുവിൻെറയടുത്തേക്ക് വസീല തേടുവാൻ കൂടുതൽ അർഹരാണോ, രിഫാഇയും, മുഹ്യുദ്ധീൻ ശൈഖും, മുനമ്പത്തെ ഊരും പേരുമറിയാത്ത ബിവി??യും, മമ്പുറം തങ്ങളും, ഭീമാ പള്ളി ഔലിയയും, ഏർവാടി ശൈഖും, ഓമാനൂർ ശുഹദാക്കളും, മറ്റു ശൈഖുമാരും, എന്ന അഭിപ്രായം നിങ്ങൾക്കുണ്ടോ?

മഹാ കഷ്ഠം! എന്തൊരു കഷ്ഠം!! അക്ഞരായ ജനങ്ങൾ നുരുമ്പി പോയ എല്ലുകളെ പ്രതീക്ഷിച്ച് കൊണ്ട് തിക്കും തിരക്കും കൂട്ടുന്നു, അവിടെ കാണിക്കകളും, പണവും കൊണ്ട് പോയി മറിക്കുന്നു. അവിടെ നിന്നും പാപമോചനവും, കരുണയും പ്രതീക്ഷിക്കുന്നു, അതിന് പണ്ഡിതന്മാർ ഓശാന പാടുകയും ചെയ്യുന്നു.

അല്ലയോ സമൂഹമേ, നിങ്ങൾക്ക് നാശമാണ് വരാനുള്ളത്.

നബി(ﷺ) ഒരു കളിതമാശക്ക് വേണ്ടിയാണോ രൂപങ്ങളും,ഫോട്ടോയും നിഷിദ്ധമാക്കിയത്. അതല്ല, മുസ്ലീംകൾ രൂപങ്ങളെയും, ഫോട്ടോകളെയും ആരാധിക്കുകയെന്ന ജാഹിലിയത്തിലേക്ക് തന്നെ തിരിച്ച് പോകുമെന്ന് ഭയപ്പെട്ടത് കൊണ്ടാണോ?

എന്ത് വ്യത്യാസമാണ് രൂപങ്ങളും, ഫോട്ടോയും മഹത്വപ്പെടുത്തുന്നവരും, ഖബറുകളും, ശവകുടീരങ്ങളും മഹത്വപ്പെടുത്തുന്നവരും തമ്മിലുള്ളത്? എല്ലാവരും ശിർക്കിലേക്ക് നടന്നടുക്കുകയും, ഏകദൈവ സിദ്ധാന്തത്തെ പാഴാക്കുകയുമാണ് ചെയ്യുന്നത്?

## ഖബർ സിയാറത്ത് സുന്നത്ത്:

ഇസ്ലാമിൽ ഖബർ സിയാറത്ത് സുന്നത്താണ്:



പ്രവാചക തിരുമേനി (ﷺ) ഖബർ സ്വിയാറത്ത് ചെയ്യുവാനും,അതിൽനിന്ന് ഇന്നല്ലെങ്കിൽ നാളെ താനും മരിക്കുമെന്നുള്ള ഓർമ്മ മനസ്സിൽ പുതുക്കി കൊണ്ട് പാഠം ഉൾകൊള്ളുവാനും പ്രോൽസാഹിപ്പിച്ചിട്ടുണ്ട്. പ്രവാചകൻ(ﷺ)പറയുന്നു: “നിങ്ങൾ ഖബ്ർ സന്ദർശിക്കുക, അത് നിങ്ങളെ മരണത്തെ ഓർമ്മിപ്പിക്കുന്നതാകുന്നു” (മുസ്ലിം.) പ്രവാചകൻ പറയുന്നു: “ഞാൻ നിങ്ങൾക്ക് ഇസ്ലാമിൻെറ ആദ്യകാലത്ത് ഖബ്ർ സന്ദർശനം വിലക്കിയിരുന്നു, എന്നാൽ നിങ്ങൾ ഖബ്ർ സന്ദർശിക്കുക” (മുസ്ലിം.) നബി(ﷺ) ഖബർ സന്ദർശിക്കുമ്പോൾ പറയുമായിരുന്നു: “വിശ്വാസികളിലും, മുസ്ലീംകളിലും പെട്ടവരെ നിങ്ങൾക്ക് അല്ലാഹുവിൻെറ സമാധാനം ഉണ്ടാവട്ടെ, നിങ്ങൾ ഞങ്ങളുടെ മുൻഗാമികളാകുന്നു, അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ നിങ്ങളോടൊപ്പം ഞങ്ങളും ചേരുന്നതാണ്, നിങ്ങൾ ഞങ്ങളെ കാത്തിരിക്കുന്നവരും, ഞങ്ങൾ നിങ്ങളെ പിൻപറ്റുന്ന വരുമാകുന്നു, ഞങ്ങൾക്കും,നിങ്ങൾക്കും അല്ലാഹുവിനോട് രക്ഷ ചോദിക്കുന്നു” (മുസ്ലിം.)

## ഖബർ സ്വിയാറത്തിൻെറ ഗുണങ്ങൾ:

മരണത്തെ ഓർമ്മിപ്പിക്കുന്നു, അമിതമായ പ്രതീക്ഷ ഇല്ലാതാക്കുന്നു, ദുൻയാവിൽ വിരക്തിയുണ്ടാക്കുന്നു, ഹൃദയത്തെ ലോലമാക്കുന്നു, ഭയത്താൽ കണ്ണീർ പൊഴിക്കുന്നു, അശ്രദ്ധ ഇല്ലാതാക്കുന്നു. തുടങ്ങിയതാണ് ഖബർ സിയാത്തിൻെറ ഗുണങ്ങൾ. എന്നാൽ നമ്മുടെ നാട്ടിൽ ഖബർ സിയാറത്ത് നടത്തുന്നത് എന്തിനാണ്? രോഗശമനത്തിന്, സന്താന സൗഭാഗ്യത്തിന്, കുട്ടികളെ കെട്ടിച്ചയക്കുവാൻ, ആഗ്രഹ സഫലീകരണത്തിന്, കളവ് മുതൽ കണ്ടെത്തുവാൻ, ഭാര്യഭർത്താക്കൾക്കിടയിൽ സ്നേഹം ഊട്ടിയുറപ്പിക്കുവാൻ, പ്രയാസരഹിതമായി പ്രസവിക്കുവാൻ, വിസ ലഭിക്കുവാൻ, നല്ല ജോലി ലഭിക്കുവാൻ ഇതിന്ന് വേണ്ടിയല്ലേ നാം ഖബറുകളും, ശവകുടീരങ്ങളും കയറിയിറങ്ങുന്നത്. പ്രവാചകൻ (ﷺ)പഠിപ്പിച്ച മരണത്തെ ഓർക്കുവാൻ വേണ്ടി നാം ഖബർ സന്ദർശിക്കാറുണ്ടോ? ഒന്നുകൂടി നാം ചിന്തിക്കുക. പ്രവാചക തിരുമേനി(ﷺ) ഖബർസന്ദർശിച്ചപ്പോൾ അവിടെ വല്ല നിലവിളക്കും കത്തിച്ചിരുന്നോ? വല്ല എണ്ണ കൊണ്ടും ശരീരം തടവിയിരുന്നോ? അവിടെ വല്ല കാണിക്കകളും സമർപ്പിച്ചിരുന്നോ? തിരുമേനി(ﷺ)യുടെ ഫാത്വിമയല്ലാത്ത എല്ലാ സന്താനങ്ങളും പ്രവാചക(ﷺ)ൻെറ കാലത്ത് തന്നെ മരിച്ച് പോയിരുന്നു, അവർക്ക് രോഗം വന്നപ്പോൾ ഒരിക്കലെങ്കിലും ബഖീഇൽ കിടക്കുന്ന ആരെയെങ്കിലും വിളിച്ച് പ്രാർത്ഥിച്ചോ? പ്രവാചക(ﷺ)ന് ശേഷം സ്വഹാബികൾ അപ്രകാരം ചെയ്തോ? സ്വഹാബികൾക്ക് ശേഷം താബീഉകളോ, താബിഉതാബീഉകളോ, സലഫുസ്വാലിഹീങ്ങളോ, ശാഫിഈ ഇമാം അടക്കമുള്ള നാല് മദ്അബിൻെറ ഇമാമുകളോ ചെയ്തോ? ഇതൊക്കെ നാം ചിന്തിക്കേണ്ടതില്ലേ? പഠിക്കേണ്ടതില്ലേ?

അവസാനമായി: അല്ലാഹു സൂറത്ത് സുമറിലെ 36-ാമത്തെ ആയത്തിൽ പറയുന്നു: (أَلَيْسَ اللَّهُ بِكَافٍ عَبْدَهُ) “തൻെറ ദാസന്ന് അല്ലാഹു മതിയായവനല്ലയോ?” ആയതിനാൽ നാം തീരുമാനിക്കുക നമ്മെ സൃഷ്ടിച്ച, ജനിപ്പിച്ച, പരിപാലിക്കുന്ന അല്ലാഹു മതി നമുക്ക്. ആയതിനാൽ മേൽ വിവരിച്ച വിശുദ്ധ ഖുർആനിൻെറയും, പ്രവാചക ചര്യയുടെയും, സലഫുസ്വാലിഹീങ്ങളുടെയും, ഇമാം ശാഫിഇ അടക്കമുള്ള നാല് മദ്ഹബിൻെറ ഇമാമീങ്ങളുടെയും മാർഗത്തിലൂടെ നാം ചരിക്കുക.അല്ലാഹു നമുക്ക് സന്മാർഗം കാണിച്ച് തരുമാറാവട്ടെ, സത്യം സത്യമായി മനസ്സിലാക്കി അതിനെ പിൻപറ്റുവാൻ അല്ലാഹു തൗഫീഖ് നൽകുമാറാവട്ടെ. ആമീൻ.



المكتب التعاوني للدعوة والإرشاد وتوعية الجاليات بالجبيل

# هل يسمع الأموات؟

اعداد : سيد سعفر صادق
الداعية بمكتب الدعوة وتوعية الجاليات بالجبيل

# മരിച്ചവർ കേൾക്കുമോ?

തയ്യാറാക്കിയത്:
സയ്യിദ് സഅ്ഫർ സ്വാദിഖ്
ജുബൈൽ ദഅ്‌വ സെൻറർ

رقم العام

مليالم